ജൈവ കാർഷിക മണ്ഡലം പരിപാടി

94 (5443) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ കാർഷിക മണ്ഡലം പരിപാടിയിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്ന പദ്ധതികൾ എന്തെല്ലാം ; അതിനായി കൊയിലാണ്ടി മണ്ഡലത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് ; എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) പുതുതായി ഈ പദ്ധതിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ ?

ഉത്തരം

(എ) ജൈവ കാർഷിക മണ്ഡലം പരിപാടിക്കുവേണ്ടി പ്രത്യേക പദ്ധതികളോ തുക വകയിരുത്തുകയോ ചെയ്തിട്ടില്ല. ജൈവകൃഷി പ്രോത്സാഹനത്തിനായി 2014-15-ൽ ആർ.കെ.വി.വൈ. ഫണ്ട് ഉപയോഗിച്ചുള്ള ജൈവകൃഷി പദ്ധതി പ്രകാരം കൊയിലാണ്ടി മണ്ഡലത്തിലെ ചേങ്ങോട്ടുകാവ് കൃഷിഭവന്റെ പരിധിയിൽ അമ്പത് ഹെക്ടർ സ്ഥലത്ത് ജൈവ ഉൽപ്പാദന ഉപാധികൾ വിതരണം ചെയ്യുകയും അതിനായി രണ്ട് ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മറ്റ് പദ്ധതികളുടെ ഭാഗമായി ജൈവ പ്രോത്സാഹനത്തിനായി കൊയിലാണ്ടി മണ്ഡലത്തിൽ ചുവടെപ്പറയും പ്രകാരം ജൈവ ഉൽപ്പാദന ഉപാധികൾ വിതരണം ചെയ്തിട്ടുണ്ട്. കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പദ്ധതിയുടെ പേര്	അനുവദിച്ച തുക (രൂപ)	ചെലവഴിച്ച തുക (രൂപ)
1.	പച്ചക്കറി വികസന പദ്ധതി	5,78,625	5,78,625
2.	ബയോഗ്യാസ് പദ്ധതി	18,000	18,000
3.	നാളികേര വികസന പദ്ധതി	28,25,000	28,25,000
4.	വാഴക്കൃഷി വികസന പദ്ധതി	16,00,000	16,00,000
5.	ഇടവിളക്കിറ്റ് വിതരണം	1,33,750	1,33,750
6.	വെറ്റില കൃഷി	50,000	50,000

LIBRARY ARCHIVES Kerala Legislative Assembly

(ബി) മൂടാടി, കൊയിലാണ്ടി, ചേമഞ്ചേരി, ചേങ്ങോട്ടുകാവ് പഞ്ചായത്തുകളിൽ ജൈവ കൃഷിയിൽ തല്പരരായവരെ അംഗങ്ങളാക്കി ജൈവ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പച്ചക്കറിയിൽ ജൈവകൃഷി, ജൈവമാലിന്യം സംസ്കരണം, ഫലവൃക്ഷത്തൈ വിതരണം ഇവ ഉൾപ്പെടുത്തി നിറവ് പദ്ധതി തയ്യാറാക്കുന്നതിന് ആരംഭിച്ചിട്ടുണ്ട്. പയ്യോളി ഗ്രാമ പഞ്ചായത്തിലെ എല്ലാ വാർഡുകളും സമ്പൂർണ്ണ ജൈവ കാർഷിക വാർഡുകളാക്കാൻ തീരുമാനിച്ചു. ആദ്യഘട്ടമെന്ന നിലയിൽ പത്ത് ഹെക്ടർ പച്ചക്കറി കൃഷി പൂർണ്ണമായും ജൈവരീതി അവലംബിക്കുവാൻ തീരുമാനിച്ചു. കൂടാതെ ഇരുപത് ഹെക്ടർ നെൽകൃഷി, എട്ട് ഹെക്ടർ വാഴക്കൃഷി, 1425 ഹെക്ടർ തെങ്ങ് കൃഷി ഇവയെല്ലാം പൂർണ്ണമായും ജൈവരീതി അവലംബിക്കുവാൻ തീരുമാനിച്ചു. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കൽ, തീറ്റപ്പുൽ കൃഷി വ്യാപനം മുതലായവയ്ക്കുള്ള സഹായങ്ങൾകൂടി മറ്റ് വകുപ്പുകളിൽനിന്നും കർഷകർക്ക് ലഭ്യമാക്കുവാൻ തീരുമാനിച്ചു. നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവകൃഷി വ്യാപിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. തിക്കോടി പഞ്ചായത്തിൽ തെങ്ങുകൃഷി ജൈവരീതിയിൽ അവലംബിക്കുന്നതിനായി പതിനഞ്ച് ലക്ഷം രൂപയും പച്ചക്കറി കൃഷിക്കായി മൂന്ന് ലക്ഷം രൂപയും വെറ്റില കൃഷിക്കായി ഒരു ലക്ഷം രൂപയും പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുണ്ട്. നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിൽ പച്ചക്കറി കൃഷി, കരുമുളക് കൃഷി വ്യാപനം, ടിഷ്യുകൾച്ചർ വാഴ വ്യാപനം, കേരകൃസ്തർ രൂപീകരണം ഇവയ്ക്കായി 76,66,000 രൂപയും നീക്കിവച്ചിട്ടുണ്ട്.

ജൈവ വളങ്ങളുടെ ഗുണനിലവാരം

95 (5444) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറക്കുമതി ചെയ്യപ്പെടുന്ന ജൈവ വളങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്നറിയിക്കാമോ ;

(ബി) ജൈവവളങ്ങളുടെ ഗുണനിലവാര പരിശോധനയുടെ വിശദാംശം ലഭ്യമാക്കാമോ ;

(സി) സംസ്ഥാനത്തിന് ആവശ്യമായി വരുന്ന ജൈവവളം ഇവിടെ ഉല്പാദിപ്പിക്കപ്പെടാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ ; അവ എന്തെല്ലാം എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly